(ബി) മേൽപ്പറഞ്ഞ പ്രകാരമുള്ള പഞ്ചായത്തുതല സമിതിയിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസറും സർവ്വേ ഉദ്യോഗസ്ഥനും അംഗമാണ്.

(സി&ഡി) ഉമ്മൻ വി ഉമ്മൻ കമ്മിറ്റിയും പഞ്ചായത്തുതല സമിതിയും തയ്യാറാക്കിയ പരിസ്ഥിതിലോല വില്ലേജുകളുടെ അതിർത്തികൾ രേഖപ്പെടുത്തുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ഇക്കാര്യത്തിൽ ഉമ്മൻ വി ഉമ്മൻ കമ്മിറ്റിയുടെ ശുപാർശകളും കഡസ്ട്രൽ മാപ്പും പ്രകാരമുള്ള അതിർത്തി വിവരണ റിപ്പോർട്ട് ഉടൻതന്നെ കേന്ദ്രസർക്കാരിന് സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

സ്പോർട്സ് കിറ്റ്

187(T*5776) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ക്ലബ്ബുകൾക്കും സ്കൂളുകൾക്കും സ്പോർട്സ് കിറ്റ് വിതരണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) കായികരംഗത്ത് യുവജനങ്ങളുടെ പങ്കാളിത്തം വിപുലീകരിക്കുക, യുവജന ക്ലബ്ബുകൾക്കും സ്കൂളുകൾക്കും കായിക പ്രോത്സാഹനം നൽകുക, ആരോഗ്യമുള്ള ഒരു യുവജനതയെ വാർത്തെടുക്കുകയും യുവാക്കളുടെ കായികക്ഷമത മെച്ചപ്പെടുത്തുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) 2013-14 സാമ്പത്തിക വർഷം 12,12,752 രൂപയുടെ സ്പോർട്സ് കിറ്റ് തിരുവനന്തപുരം ജില്ലയിലെ ജി. വി. രാജ സ്പോർട്സ് സ്കൂളിന് വാങ്ങി നൽകിയിരുന്നു. സ്പോർട്സ് കിറ്റ് വിതരണ പദ്ധതിയുടെ ഭാഗമായി ഈ സാമ്പത്തിക വർഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേന യൂത്ത് ക്ലബ്ബുകളിൽനിന്നും സ്കൂളുകളിൽനിന്നും ദൃശ്യപത്രമാധ്യമങ്ങൾ വഴിയും എഫ്.എം.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റേഡിയോ മുഖേനയും പരസ്യം ചെയ്ത് അപേക്ഷ ക്ഷണിക്കുകയുണ്ടായി. ലഭിച്ച അപേക്ഷകൾ അതത് ജില്ലാ ഓഫീസർമാർ പരിശോധിച്ച് യോഗ്യമായവ തെരഞ്ഞെടുത്ത് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ സംസ്ഥാന ഓഫീസിൽ സമർപ്പിക്കുകയും ചെയ്തു. കായിക ഉപകരണങ്ങളുടെ വിതരണത്തിന് ഇ-ടെണ്ടർ മുഖേന മത്സര അടിസ്ഥാനത്തിൽ കമ്പനികളിൽനിന്നും ക്വട്ടേഷനുകൾ ക്ഷണിക്കുകയുണ്ടായി. ക്വട്ടേഷനുകളിൽ തുടർന്നുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് സ്കൂൾ/ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതാണ്.

ദേശീയ ഗെയിംസ് സ്റ്റേഡിയങ്ങൾ

188(5777) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് വാങ്ങിയ ഉപകരണങ്ങളുടെ സംരക്ഷണച്ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ ;

(ബി) സ്റ്റേഡിയങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ സംരക്ഷണച്ചുമതല ആവശ്യപ്പെട്ട് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ കത്ത് നൽകിയിട്ടുണ്ടോ ;

(സി) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് സുരക്ഷാ ഉപകരണങ്ങളുടെ സംരക്ഷണവും ഉപയോഗവും ആർക്ക് നൽകാനാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് വാങ്ങിയ കായിക ഉപകരണങ്ങളുടെ സംരക്ഷണച്ചുമതല കായികയുവജനകാര്യ ഡയറക്ടർ, സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറി എന്നിവരിൽ നിക്ഷിപ്തമാണ്.

(ബി) ഇല്ല.

(സി) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് വാങ്ങിയ സുരക്ഷാ ഉപകരണങ്ങൾ കേരള പോലീസിനും അഗ്നിരക്ഷാ ഉപകരണങ്ങൾ കേരള അഗ്നിരക്ഷാ വകുപ്പിനും സ്ഥിര ഉപയോഗത്തിനായി കൈമാറിയിട്ടുണ്ട്.

വയനാട് ജില്ലാ സ്റ്റേഡിയത്തിന്റെ നിർമ്മാണം

189(5778) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലാ സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly